*Malayala Manorama*

## സന്നിധാനത്ത് തമിഴ്നാട്ടിൽ നിന്ന് തീർഥാടകപ്രവാഹം

# തിരക്കേറുന്നു

### അയ്യപ്പന്റെ മണ്ണിൽ





## ജൈവ വൈവിധ്യം നിറച്ച് പൂങ്കാവനം

ശബരിമല ● അയ്യപ്പന്റെ പൂങ്കാവനം ജൈവ വൈവിധ്യ സമ്പന്നം. പെരിയാർ കടുവ സങ്കേതത്തിൽപ്പെട്ട ഈ വന മേഖലയിൽ സന്നിധാനത്തിലും കരിമലയിലും കടുവയുടെ കാൽപ്പാടുകൾ കണ്ടെത്തി. അതിനു പുറമെ കരിങ്കുരങ്ങ്, മലമുഴക്കി വേഴാമ്പൽ, അപൂർവ ഇനം പാമ്പുകൾ തുടങ്ങിയവയും ഇവിടെയുണ്ട്. രുദ്രവനത്തിലുള്ള ഫോറസ്റ്റ് ഗെസ്റ്റ് ഹൗസിന് സമീപത്താണ് കടുവയുടെ കാൽപ്പാദം കണ്ടത്. ഇതിനു പുറമെ കരിമല പാതയിൽ സ്ഥാപിച്ച ക്യാമറയിലും കടുവ പതിഞ്ഞു. ദർശനത്തിന് എത്തുന്ന അയ്യപ്പന്മാരെ ഏറെ ആകർഷിക്കുന്നുണ്ട് ഇവിടത്തെ കരിങ്കുരങ്ങ്. ചന്ദ്രാനന്ദൻ, സ്വാമി അയ്യപ്പൻ റോഡുകളുടെ വശങ്ങളിൽ ഇതിനെ കാണാൻ കഴിയും. മലമുഴക്കി വേഴാമ്പലിനെ നീലിമല, അപ്പാച്ചിമേട് ഭാഗങ്ങളിൽ സ്ഥിരമായി കാണുന്നുണ്ട്. രാജവെമ്പാല, പച്ചിലപ്പാമ്പ്, വെള്ളിക്കെട്ടൻ, കരിമൂർഖൻ തുടങ്ങിയ പാമ്പുകളും ഉണ്ട്. ശരംകുത്തിയിലും പുല്ലുമേട് പാതയിലും കരടി ഉണ്ട്. സന്നിധാനത്തിലും ശരണവഴിയിലും പുലിയുടെ സാന്നിധ്യം ഉണ്ട്. ഇതിനു പുറമെ കാട്ടാനകളും ധാരാളം.



സന്നിധാനത്തേക്കുള്ള പാതയിൽ തീർഥാടകരെ ആകർഷിക്കുന്ന കരിങ്കുരങ്ങ്.



സന്നിധാനത്തേക്കുള്ള പാതയിൽ തീർഥാടകരെ ആകർഷിക്കുന്ന മലയണ്ണാൻ.

*Mathrubhoomi*

# പമ്പയിൽ പുതിയ മാലിന്യസംസ്കരണ പ്ലാൻറും ഗസ്റ്റ് ഹൗസും

**ശബരിമല:** പമ്പയിൽ പുതിയ മാലിന്യസംസ്കരണ പ്ലാൻറ് സ്ഥാപിക്കാനും ഗസ്റ്റ്ഹൗസ് പണിയാനും ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാരസമിതി യോഗം അംഗീകാരം നൽകി. പമ്പയിൽ ഫിൽട്ടർചെയ്ത വെള്ളത്തിൽ കുളിക്കാൻതക്കവണ്ണം ഷവർ ഘടിപ്പിച്ച് ബാത്തിങ്ഘട്ട് സ്ഥാപിക്കും. പമ്പയെ കൂടുതൽ സൗന്ദര്യവത്കരിച്ച് ത്രിവേണി മുതലുള്ള ഭാഗങ്ങൾ കൂടുതൽ ശുചിത്വമുള്ളതാക്കും.പമ്പയെ ശബരിമലയുടെ പ്രവേശകവാടമാക്കി (ഗേറ്റ്വേഓഫ് ശബരിമല) മാറ്റും. താമസസൗകര്യത്തിന് സന്നിധാനത്ത് ദർശനംകോംപ്ലക്സ് എന്ന പേരിൽ പാണ്ടിത്താവളത്ത് കെട്ടിടം നിർമ്മിക്കും.

സന്നിധാനത്ത് തന്ത്രിക്കും മേൽശാന്തിക്കും താമസിക്കാൻ പുതിയകെട്ടിടം നിർമ്മിക്കും. ശബരിമലയിൽ നിലവിലുള്ളതും ആവശ്യമില്ലാത്തതുമായ പഴയകെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിൻെറ ആദ്യഘട്ടംആരംഭിക്കും.

അയ്യപ്പഭക്തർ നെയ്യഭിഷേകത്തിനായി പോകുന്നവഴി ടൈൽസ് പാകി വൃത്തിയാക്കും. മാളികപ്പുറത്ത് നെയ്യഭിഷേകത്തിനായി കാത്തുനിൽക്കുന്നസ്ഥലത്ത് മേൽക്കൂര നിർമ്മിച്ച് സൗകര്യങ്ങൾ മെച്ചപ്പെടുത്തും.

ഖരമാലിന്യങ്ങൾ ട്രാക്ടർഉപയോഗിച്ച് മാറ്റുന്നരീതി മാറ്റി ശബ്ദരഹിതവും ബാറ്ററി ഉപയോഗിച്ച് നിയന്ത്രിക്കാവുന്നതുമായ ആധുനിക രീതിയിലുള്ള ബഗ്ഗീസ് വാങ്ങും.

നിലയ്ക്കലിൽ അയ്യപ്പഭക്തർക്ക് വിശ്രമിക്കാൻ വലിയ ഹാളും ലോക്കറോടുകൂടിയ മുറികളും നിർമ്മിക്കും. ആയിരത്തോളം പേർക്ക് ഇതിൻെറ സൗകര്യം ലഭിക്കും. ഒരുറസ്റ്റോറൻറ് ബ്ലോക്കും നിലയ്ക്കലിൽ നിർമ്മിക്കും. നിലവിലുള്ള ആറ് ക്യൂ കോംപ്ലക്സുകൾക്കുപുറമെ നാലോളം ക്യൂ കോംപ്ലക്സുകൾകൂടി സ്ഥാപിക്കും.

ശബരിമല ഉന്നതാധികാര സമിതിചെയർമാൻ കെ.ജയകുമാറിൻെറ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ദേവസ്വംബോർഡ് പ്രസിഡൻറ് പ്രയാർ ഗോപാലകൃഷ്ണൻ, ബോർഡംഗം അജയ്തറയിൽ, ദേവസ്വം കമ്മീഷണർ സി.പി.രാമരാജപ്രേമപ്രസാദ്, ദേവസ്വം ചീഫ് എൻജിനിയർമാരായ ജി. മുരളീകൃഷ്ണൻ, പി.എസ്.ജോളി ഉല്ലാസ്, വി.ശങ്കരൻപോറ്റി, ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ അമിത് മല്ലിക്, കെ.എസ്.ഇ.ബി. ചീഫ് എൻജിനിയർ മോഹനനാഥപ്പണിക്കർ, പി.സി.ബി.സീനിയർ എൻവയോൺമെൻറൽ എൻജിനിയർ കെ.ആർ.സന്തോഷ്കുമാർ, ടെക്നിക്കൽകമ്മിറ്റി അംഗങ്ങളായ പി.വി.ഹരി ,എസ്.അനിൽ, കൺസൾട്ടൻറ് ജി.മഹേഷ് എന്നിവർ പങ്കെടുത്തു.

## ശബരിമല: ഓൺലൈൻ മുറി ബുക്കിങ് ദിവസം 100 മാത്രം

രാജേഷ് എ.നായർ

**ശബരിമല:** ദർശനത്തിനെത്തുന്ന അയ്യപ്പന്മാർക്ക് പരിമിതമായ താമസസൗകര്യം മാത്രമുള്ള സന്നിധാനത്ത് ഓൺലൈൻ വഴി ബുക്ക് ചെയ്യാവുന്ന മുറികളുടെ എണ്ണം 100 മാത്രം. നേരിട്ടെത്തി മുറിയെടുക്കാമെങ്കിലും വളരെ കുറച്ച് അയ്യപ്പന്മാർക്കേ മുറികൾ ലഭിക്കൂ. മുറികളുടെ എണ്ണം കുറവാണ് എന്നതാണ് പ്രധാന കാരണം.

608 മുറികൾ മാത്രമാണ് സന്നിധാനത്തുള്ളത്. ഇതിൽ 126 എണ്ണത്തിലും ഉദ്യോഗസ്ഥരാണ് കഴിയുന്നത്. ബാക്കിയുള്ളതിൽ 100 മുറികളാണ് ഓൺലൈൻ വഴി ബുക്ക് ചെയ്യാനാകുക. താമസിക്കാൻ ഉദ്ദേശിക്കുന്ന ദിവസത്തിന് 15 ദിവസം മുമ്പ് ഓൺലൈനിൽ രജിസ്റ്റർ ചെയ്ത് ബുക്കിങ് നടത്തണം. വെബ്സൈറ്റ്: sabarimalaccomodation.com പലപ്പോഴും ഈ വെബ്സൈറ്റ് തുറക്കാനാവുന്നില്ലെന്നും പരാതിയുണ്ട്.

മൂന്ന് പിൽഗ്രിം സെൻററുകളിലായി 382 ഉം ഏഴ് ഡോണർ ഹൗസുകളിലായി 157 ഉം മരാമത്തിൽ 22ഉം മാളികപ്പുറത്ത് 16ഉം കോട്ടേജുകളിൽ 31ഉം മുറികളാണ് സന്നിധാനത്തുള്ളത്.

അക്കോമഡേഷൻ ഓഫീസിൽ നേരിട്ടെത്തിയും ഭക്തർക്ക് മുറി എടുക്കാം. ക്ഷേത്രത്തിൻെറ വടക്കേനടയിലാണ് ഓഫീസ്. 12 മണിക്കൂർ, 16 മണിക്കൂർ സമയത്തേക്കാണ് മുറികൾ അനുവദിക്കുക. പിൽഗ്രിം സെൻററിലെ രണ്ടുപേർക്ക് താമസിക്കാവുന്ന മുറിക്ക് 12 മണിക്കൂറിന് 250 രൂപയും 16 മണിക്കൂറിന് 350 രൂപയുമാണ് വാടക.

അധികമായുള്ള ഓരോ ആളിനും 12 മണിക്കൂറിന് 100 രൂപയും 16 മണിക്കൂറിന് 150 രൂപയും അടയ്ക്കണം. ഒപ്പം മുറി വാടക ഡിപ്പോസിറ്റായും നൽകണം. 20 പേർക്ക് താമസിക്കാവുന്ന ഹാളിന് 6,000 രൂപയാണ് വാടക. 50 പേർക്ക് വരെ ഇതിൽ കഴിയാം. ഓരോ ആളിനും അധികം തുക നൽകണം. ഈ മുറികളിൽ കട്ടിലുകളില്ല. എന്നാൽ, പാലാഴി, സോപാനം, ശ്രീമണികണ്ഠാ എന്നി ഡോണർ ഹൗസുകളിൽ കട്ടിലുകളുണ്ട്. 12 മണിക്കൂറിന് 1,600 ഉം 16 മണിക്കൂറിന് 2200 രൂപയുമാണ് വാടക.

പൂർണമായും കമ്പ്യൂട്ടർവത്കരിച്ച അക്കോമഡേഷൻ ഓഫീസിൽ നിന്ന് 24 മണിക്കൂറും മുറികൾ വാടകയ്ക്ക് ലഭിക്കും.

## ഇരുമുടിക്കെട്ടിലെ അവശിഷ്ടങ്ങൾ വീണ്ടും ഉപയോഗിക്കരുത് - ഹൈക്കോടതി

**കൊച്ചി:** ഇരുമുടിക്കെട്ടിലെ അവശിഷ്ടങ്ങൾ പുനരുപയോഗിക്കുന്ന സാഹചര്യം ഒഴിവാക്കണമെന്ന് ഹൈക്കോടതി. വലിച്ചെറിയുന്ന അവശിഷ്ടങ്ങൾ ശുചീകരണത്തിൻെറ ഭാഗമായി മാത്രമേ ശേഖരിക്കാവൂ. ഇവ പിന്നീട് വില്പനയ്ക്കും മറ്റുമായി ഉപയോഗിക്കരുതെന്ന് ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ, ജസ്റ്റിസ് അനു ശിവരാമൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് നിർദേശിച്ചു.

ശബരിമല സന്നിധാനത്ത് നിന്നും പരിസരങ്ങളിൽ നിന്നും ശേഖരിക്കുന്ന അവശിഷ്ടങ്ങൾ നശിപ്പിക്കണം. അവ വീണ്ടും തീർത്ഥാടനത്തിന് ഉപയോഗിക്കുന്ന സാഹചര്യമുണ്ടാകരുത്. ഇരുമുടിക്കെട്ട് ആചാരത്തിൻെറ ഭാഗമാണ്. ഇതിൽ ഉൾപ്പെടുത്തുന്നവ പവിത്രമായി കരുതുന്നു. ഇരുമുടിക്കെട്ട് നിറയ്ക്കുന്ന സ്ഥലങ്ങളിൽ ഇത്തരത്തിൽ സാധനങ്ങൾ ഉപേക്ഷിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കണം. പമ്പ, നിലയ്ക്കൽ, എരുമേലി, ശബരിമലയിലെ മറ്റ് ഇടത്താവളങ്ങൾ എന്നിവിടങ്ങളിലെല്ലാം പരിശോധന നടത്തണം.

ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ, പമ്പ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പമ്പയിലെയും ശബരിമലയിലെയും പോലീസ് സ്പെഷൽ ഓഫീസർമാർ, ശബരിമല സ്പെഷൽ കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ എന്നിവർ കോടതി നിർദേശം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ഉത്തരവിട്ടിട്ടുണ്ട്.

## ശബരിമലയിലെ ഡോണർ മുറികളുടെ വൃത്തി ഉറപ്പാക്കണം - ഹൈക്കോടതി

**കൊച്ചി:** ശബരിമലയിലെ ഡോണർ മുറികളുടെ വൃത്തി അധികൃതർ ഉറപ്പാക്കണമെന്ന് ഹൈക്കോടതി ഉത്തരവ്. ശബരിമല സ്പെഷൽ കമ്മീഷണറുടെ നേതൃത്വത്തിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ, ജസ്റ്റിസ് അനു ശിവരാമൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് നിർദേശിച്ചു. എക്സിക്യൂട്ടീവ് മജിസ്ട്രേട്ട് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഈ മുറികളുടെ ശുചിത്വനിലവാരം വിലയിരുത്തി വൈകാതെ റിപ്പോർട്ട് നൽകണമെന്നും കോടതി നിർദേശമുണ്ട്.

## ശബരിമല റോഡുകളുടെ നിർമാണം പരിശോധിക്കും -മന്ത്രി ഇബ്രാഹിംകുഞ്ഞ്

**കൊച്ചി:** ശബരിമല റോഡുകളിലും അനുബന്ധ റോഡുകളിലും നടത്തിയ മുഴുവൻ പ്രവൃത്തികളും പരിശോധിക്കുമെന്ന് പൊതുമരാമത്ത് മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ്. റോഡുകളെക്കുറിച്ച് ചിലയിടങ്ങളിൽ നിന്നുണ്ടായ പരാതികളെ തുടർന്നാണ് നിർമാണത്തിൽ പാകപ്പിഴ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നത്. ശബരിമല റോഡുകളുടെ നിർമാണ ജോലികൾ ഏറ്റെടുത്ത് പൂർത്തിയാക്കാത്ത കരാറുകാരുടെ പേരിൽ നടപടിയെടുക്കും.

*New Indian Express*



Pilgrims wait in long queue near the holy steps at Sannidhanam on Monday | SHAJI VETTIPURAM

# Ensure Irumudi Leftovers are Not Reused, Says High Court

**Express News Service**

**Kochi**: The Kerala High Court on Monday directed the Travancore Devaswom Board and other authorities concerned to destroy or remove the leftovers of Irumudi kettu at Sabarimala in order to ensure that these leftovers are not used again. A Division Bench comprising Justice Thottathil B Radhakrishnan and Justice Anu Sivaraman issued the order. The pilgrims open the irumudis at Sabarimala Sannidhanam, sometimes form groups and pool the content of the irumudi.

The unutilised leftovers which are left behind in Sabarimala are permitted to be collected with the sole intention of clearing Sannidhanam.

But reuse of articles cannot be permitted.

The Bench asked all executive authorities, police, Executive officer Sabarimala, Special officer (police) ,Special Commissioner and Travancore Devaswom Board to ensure that these restrictions are implemented effectively.

# Pandalam Temple: SASS Makes Appeal

by P T Mohanan Pillai

**Sabarimala**: Sabarimala Ayyappa Seva Samajam vice-president Kummanam Rajasekharan urged the Sabarimala High-Powered Committee on Master Plan to include Pandalam Valiyakoickal Sree Dharma Sastha Temple, the pivotal part of Sabarimala pilgrimage, under the Master Plan.

Talking to the *Express*, Kummanam said Pandalam Valiyakoickal temple, which attracts lakhs of Sabarimala pilgrims, is facing neglect by the TDB and government.

Lack of basic facilities, including parking area, inadequate number of toilets, bathing ghat, dormitories and resting place, are causing severe hardships for the pilgrims who offer worship at the temple. Though the TDB bought an acre of land near the temple for parking area three years ago, the authorities fail to develop the land for parking of pilgrims so far, Kummanam said.

At present, the pilgrims are forced to park the vehicles on the sides of the MC Road, he said. Absence of resting place and dormitories near the temple are the other problems faced by the pilgrims , Kummanam said.